Publication : Newage

Region : Kochi

Date : Apr 29, 2009

# എക്സീഡ് പ്രോഗ്രാം സംസ്ഥാനത്തേയ്ക്ക്

കൊച്ചി: അധ്യാപനരീതിയിലും പഠനത്തിലും മാറ്റവുമായി എക്സീഡ് പ്രോഗ്രാം കേരളത്തിലെത്തുന്നു. പ്രോഗ്രാമിനെക്കുറിച്ച് കൊച്ചിയിൽ നടത്തിയ സെമിനാറിൽ കേരളത്തിലെ നൂറുകണക്കിന് സ്കൂളുകളുടെ പ്രിൻസിപ്പാൾമാരും മാനേജർമാരും പങ്കെടുത്തു. എക്സീഡിനെക്കുറിച്ചുള്ള വിശദാംശങ്ങൾ സെമിനാറിൽ ചർച്ച ചെയ്തു.

സംസ്ഥാനത്തെ സ്കൂൾ മാനേജ്മെന്റുകൾ കാണിച്ച താത്പര്യത്തിന്റെ അടിസ്ഥാനത്തിൽ വൻ വികസന പരിപാടികൾ ആസൂത്രണം ചെയ്തു വരികയാണെന്ന് എക്സീഡിന്റെ തുടക്കക്കാരായ ഐ ഡിസ്കവർ ഐ അധികൃതർ അറിയിച്ചു. രാജ്യത്തെ സ്കൂൾ വിദ്യാഭ്യാസം നവീകരിക്കുകയെന്ന ലക്ഷ്യത്തോടെ സ്ഥാപിതമായതാണ് ഐ ഡിസ്കവർ ഐ. അധ്യാപകർക്ക് ലോകനിലവാരത്തിലുള്ള വിദഗ്ധ പരിശീലനം നൽകുകയും ഓരോ വിഷയം സംബന്ധിച്ച് വിശദവും സമ്പൂർണവുമായ ലെസൻ പ്ലാനുകൾ ലഭ്യമാക്കുകയും ചെയ്യും. പാഠ്യപദ്ധതിയുമായി ബന്ധിപ്പിക്കുന്ന അസസ്മെന്റ് വർക്ക്ബുക്കുകൾ വിദ്യാർത്ഥികൾക്കും ലഭ്യമാക്കും. പരിശീലിച്ച് പഠിക്കുക എന്ന രീതിയെ അവലംബിച്ചാണ് ലെസൻ പ്ലാനുകളും അധ്യാപക പരിശീലനവും തയ്യാറാക്കിയിട്ടുള്ളത്. പ്രൈമറി തലത്തിൽ തന്നെ വിദ്യാർത്ഥികളിൽ ശക്തമായ അടിസ്ഥാനം ഉറപ്പിക്കുന്നതായിരിക്കും എക്സീഡ് എന്നും വിദഗ്ധർ ചൂണ്ടിക്കാട്ടി.



ഐ ഡിസ്കവർ ഐയുടെ സഹസ്ഥാപകനും മാനേജിങ് ഡയറക്ടറുമായ ആശിഷ് രാജ്പാൽ സെമിനാറിൽ പങ്കെടുത്തവരുടെ സംശയങ്ങൾക്കും മറ്റും മറുപടി നൽകി. ക്ലാസ്റൂമുകളിൽ ഏറ്റവും നൂതനവും കാലം പരീക്ഷിച്ചതുമായ വിദ്യാഭ്യാസ തന്ത്രശാസ്ത്രം നടപ്പാക്കുകയെന്നത് സ്കൂൾ നടത്തിപ്പുകാർക്ക് മുന്നിലെ വെല്ലുവിളിയായി മാറിയിരിക്കുകയായിരുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. എക്സീഡിന് കേരളത്തിൽനിന്ന് ലഭിച്ച പ്രതികരണം പ്രോത്സാഹനജനകമാണെന്ന് അദ്ദേഹം പറഞ്ഞു.

ഗുർഗാവോൺ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഐ ഡിസ്കവർ ഐയ്ക്ക് മുംബൈ, ബാംഗ്ലൂർ, ചെന്നൈ, ഹൈദരാബാദ് എന്നിവിടങ്ങളിൽ ഓഫീസുകളുണ്ട്. പ്രോക്ടർ ആന്റ് ഗാംബിൾ, ബോസ്റ്റൺ കൺസൾട്ടിങ്, ഹ്യൂലറ്റ് - പക്കാർഡ്, പ്രൈസ്‌വാട്ടർഹൗസ് കൂപ്പേഴ്സ് തുടങ്ങിയ ആഗോള സ്ഥാപനങ്ങളോടൊപ്പം പ്രവർത്തിച്ചിട്ടുള്ള അനുഭവസമ്പത്തും ഐ ഡിസ്കവർ ഐയുടെ മാനേജ്മെന്റ് അവകാശപ്പെടുന്നു.